**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 255

# നിങ്ങൾ എല്ലാമാകുന്നു

**YOU ARE ALL**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## നിങ്ങൾ എല്ലാമാകുന്നു
## YOU ARE ALL

നമ്മൾ ഇല്ലായിരുന്നു എങ്കിൽ, നമ്മൾ കാണില്ലായിരുന്നു,, കേൾക്കില്ലായിരുന്നു, അഥവാ ആരുമായും ഇടപഴകില്ലായിരുന്നു. ഇതെല്ലാം സാധ്യമാകുന്നത് നമ്മൾ ഉള്ള തുകൊണ്ടാണ്. ചുറ്റിനുമുള്ള എല്ലാ ആളുകളും വാസ്തവത്തിൽ നമ്മുടെതന്നെ പ്രതിഫലനങ്ങളും പ്രതിബിംബങ്ങളുമാണ്. അതിനാൽ, നമ്മളാണ് ലോകം എന്ന ഭാവം നാം വികസിപ്പിക്കേണ്ടതാവശ്യമാണ്. നമ്മളാണ് എല്ലാം. നമ്മളില്ലാതെ, ലോക മില്ല(Minus us, there is no world).




ചുറ്റിനും കണ്ണാടികൾ പതിച്ച ഒരു മുറിയുടെ നടുക്ക്, എല്ലാ കണ്ണാടികളിലും നിങ്ങളുടെ തന്നെ പ്രതിബിംബം കാണുന്ന വിധത്തിൽ നാം നിൽക്കുന്ന ഒരു ഉദാഹരണം ബാബ തരു ന്നു. ഇത് 'ഏകോ ഹം ബഹുസ്യാം' ആകുന്നു -ഒന്ന് പലതായി പ്രത്യക്ഷമാകുന്നു. ജീവിതം(Being) ബഹുത്വവുമായി, അനേകത്വവുമായി, ബന്ധപ്പെട്ടിരിക്കുന്നു, എന്തെ ന്നാൽ ജീവിതമെന്നത് പലതിനായി ആവശ്യപ്പെടുന്ന ആ ഒന്നാണ്(the One who called for the many). നാം ഓരോന്നുമാകുമ്പോൾ, നാം ഏറ്റവും ശക്തരാകുന്നു. ആരുംതന്നെ നമ്മിൽനിന്ന് വ്യത്യസ്തരല്ല, അതിനാൽ ആരുംതന്നെ ഉന്നതരോ അധമരോ അല്ല. എങ്ങനെയായാലും, അപരനായ വ്യക്തി 'നമ്മൾ' മാത്രം.

ഭഗവാൻ സുന്ദരമായ ഒരു ഉദാഹരണം തരുന്നുണ്ട്. നാം ആരുടെയെങ്കിലും കണ്ണുക ളിൽ നോക്കുമ്പോൾ, നാം നമ്മുടെതന്നെ പ്രതിബിംബം കാണുന്നു. അതുകൊണ്ട്,

ആ വ്യക്തി യഥാർത്ഥത്തിൽ നമ്മുടെ സ്വന്തം ആത്മാവാ(our own Self)കുന്നു. ഈശ്വരൻ അവന്റെ സ്വന്തം രൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചതായി വിശുദ്ധ ബൈബിൾ പ്രസ്താവിക്കുന്നു. നാം ഈശ്വരന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്, നാം ചക്രവർത്തിമാരല്ലേ? ഈശ്വരൻ ചക്രവർത്തിയാണ്, അതുകൊണ്ട് ഒരു ഭിക്ഷുവിന്റെ രൂപം സൃഷ്ടിക്കുകയെന്നത് അവിടുന്നിന് അസാദ്ധ്യമാണ്. ഉണ്മയുടെ ഭാവം(The feeling of “being”) നമ്മെ വളരെ സന്തോഷവാന്മാരും ശക്തരുമാക്കുന്നു, നമുക്ക് ഒരിക്കലും, ഒരു വേളയിലും നമ്മെ സ്വയം ദുർബലരായി കരുതാനാവില്ല.

നാം സ്വയം അത്രമേൽ ശക്തിയുള്ള, അത്രമേൽ പ്രബലമായ, അത്രമേൽ പ്രതാപിയായ, ആത്മാവാണെന്ന് അറിയാനിടവരുമ്പോൾ, പിന്നെയെന്ത്? ഏതാനും അനാശാസ്യ ശീലങ്ങൾ നാം ഉപേക്ഷിക്കേണ്ടിവരും. ഇത്, മറ്റ് ആശാസ്യമായ ശീലങ്ങൾക്ക് ഇടം നൽകും, ഇത് ആത്മാവിന്റെ, ഉണ്മയുടെ അവസ്ഥ(state of “being”) സാക്ഷാത്കരിക്കുന്നതിന്, നമ്മെ സഹായിക്കുന്നു.




**ദുരാഗ്രഹം ഉപേക്ഷിക്കണം**
**GREED MUST BE GIVEN UP**

വിഷമം, ഭാരം ഒഴിവാക്കണമെങ്കിൽ, നാം ദുരാഗ്രഹം ഉപേക്ഷിക്കാൻ പഠിക്കണം. ദുരാഗ്രഹമെന്നത് സ്വന്തമാക്കാനുള്ള ആർത്തി(possessiveness)യാണ്, വസ്തുക്കളും കാര്യങ്ങളും സ്ഥിരമായി ഉടമസ്ഥതയിലാക്കുക. ഉപയോഗശൂന്യമായ കാര്യങ്ങൾ പോലും നാം ശേഖരിക്കുന്നു! ഇക്കാലത്ത് 90% വീടുകളും ഉപയോഗശൂന്യമായ, അനാവശ്യമായ സാധനങ്ങൾ കൊണ്ട് അലങ്കോലപ്പെട്ടിരിക്കുകയാണ്. അനാവശ്യ

മായ വസ്തുക്കൾ ദീർഘകാലത്തേക്ക് കൂട്ടിവയ്ക്കുന്നത് രോഗാതുരമായ ആസക്തി (morbid addiction)യാണ്.



ദുരാഗ്രഹം എന്നാൽ 'സ്വന്തമാക്കുക' എന്നു മാത്രമല്ല. ഒരുവൻ എന്തെങ്കിലും ഉപേക്ഷിക്കാൻ തയ്യാറാകാത്തപ്പോൾ പോലും, അവൻ ദുരാഗ്രഹിയും പിശുക്കനും സ്വാർത്ഥനുമാകുന്നു. ഒരുവന് ആവശ്യമുള്ളതെന്തോ, അതവന് സ്വന്തമാവുന്നതും അത് ഉപയോഗിക്കുന്നതും ദുരാഗ്രഹമല്ല. ദുരാഗ്രഹത്തിനു പകരമായി പങ്കുവയ്ക്കൽ വരത്തക്കവിധത്തിൽ, നാം സ്വയം ഭാരമിറക്കണം. ദുരാഗ്രഹം ഉപേക്ഷിക്കാത്തിടത്തോളം നമുക്ക് പങ്കുവയ്ക്കാൻ പറ്റില്ല. ഒരു ദുരാഗ്രഹിയായ മനുഷ്യൻ ഒരിക്കലും പങ്കുവയ്ക്കില്ല.

അനാവശ്യമായ സാധനങ്ങൾ കൂട്ടിവയ്ക്കുക, സ്വരൂപിക്കുക, ശേഖരിക്കുക ഇവ ദുരാഗ്രഹത്തിന്റെ ഒരു ലക്ഷണമാണ്. ഒരുവൻ ഇത്തരം ദുരാഗ്രഹം ഉപേക്ഷിക്കണം. ദുരാഗ്രഹം ഉപേക്ഷിക്കപ്പെടുമ്പോൾ, പങ്കുവയ്ക്കുന്ന ഗുണം വളരുന്നു.




ഭഗവാൻ ഓരോന്നും പങ്കുവയ്ക്കുന്നു. ഒരു ധനികനായ മനുഷ്യന്റെ ലക്ഷണമാണത്.

### **കോപം ഉപേക്ഷിക്കുക**
### **GIVE UP ANGER**




നാം കോപവും ഉപേക്ഷിക്കണം. നമുക്ക് കോപം വരാനുള്ള കാരണം, നമുക്ക് കൂടുതലായൊന്നും ഇല്ല, അഥവാ നമുക്കെന്താണോ ഉള്ളത് അതു നഷ്ടമാവും എന്ന് നാം ഭയക്കുന്നു. കോപം എന്നത് ഭയം അഥവാ സംശയം മൂലം വികസിക്കുന്ന ഗുണമാണ്. സ്വാമി പറയുന്നു, "എനിക്ക് ഉത്കർഷേച്ഛയില്ല, ആഗ്രഹങ്ങളില്ല, പ്ലാനുകളില്ല. ഞാൻ ഓരോന്നും സ്വയം

പ്രവർത്തിതമായാണ് ചെയ്യുന്നത്.'' ഭഗവാന്റെ കർമ്മങ്ങൾ നൈസർഗികമാണ്. അവിടുന്ന് മുൻകൂട്ടി പ്ലാൻ ചെയ്യുകയോ, അവിടുന്ന് വിഭൂതി നൽകാൻ പോകുന്നത് ആർക്കാണെന്ന് മുൻകൂട്ടി സൂചിപ്പിക്കുകയോ ചെയ്യുന്നില്ല. കോപമെന്നത് ഭാവിയെക്കുറിച്ചുള്ള ആധിയുടെയോ ഭാവിയുടെ ശൂന്യതയെക്കുറിച്ചുള്ള പശ്ചാത്താപത്തിന്റെയോ ഫലമാണ്. കോപത്തിൽനിന്ന് മുക്തി നേടുന്നത് കാരുണ്യത്തിന് കാരണമാകുന്നു. ഒരിക്കൽ സ്വാമി പരാമർശിക്കുകയുണ്ടായി, ''നമുക്ക് ഫാഷനുണ്ട്, കംപാഷ (compassion)നില്ല.'' ഫാഷനബിൾ(Fashionable) എന്നത് ഫാഷൻ-ഓഫ്-ബുൾ('fashion-of-bull') ആകുന്നു. നിങ്ങളൊരു ഫാഷൻ കൊതിക്കുന്ന ബുൾ-കാള-ആയതിനാൽ, നിങ്ങൾ ഫാഷനബിൾ ആണ്. ദിവ്യരസനമേൽ വാക്കുകൾ നൃത്തം ചെയ്യുകയാണ്! അവ ആകപ്പാടെ വ്യത്യസ്തമായ വ്യംഗ്യാർത്ഥവും പൊരുളും കൈക്കൊള്ളുകയാണ്. അതുകൊണ്ട്, നമുക്ക് ഫാഷന്റെ പുറകെ പോവാതിരിക്കാം. നമുക്ക് കംപാഷൻ(compassion-കാരുണ്യം) ഉള്ളവരാവാം!

## അസൂയ ഉപേക്ഷിക്കുക
## GIVE UP JEALOUSY



ദുർഗുണങ്ങൾ അധിക ലഗ്ഗേജ് പോലെയാണ്, ഒരു ചക്രവർത്തിയുടെ ശരിക്കുള്ള രാജത്വമെന്നത് ഇത്തരം നെഗറ്റിവിറ്റികളിൽനിന്ന് മുക്തനായിരിക്കുക എന്നതാണ്. നെഗറ്റീവ് ചിന്തകളും ഭാവങ്ങളും ആളുകളെ വിഷാദമുള്ളവരും പിരിമുറുക്കമുള്ളവരുമാക്കിത്തീർക്കും. ഇത് അസ്വസ്ഥതയിലേക്കും ചേതനയില്ലായ്മയിലേക്കും നയിക്കുന്നു. നാം അന്വേഷണം നടത്തുകയാണെങ്കിൽ, അത്തരം ആളുകൾ ഭൗതികാർത്ഥത്തിൽ നല്ല നിലയിലാണെന്നും ഒന്നും തന്നെ അവർക്ക് ആവശ്യമില്ലെന്നും നമുക്ക് കാണാം, കാരണം ഈശ്വരൻ അവർക്ക് മതിയാംവണ്ണം നൽകിയിട്ടുണ്ട്. അവരുടെ വിഷാദം, അവരുടെ അത്യാഗ്രഹം, കോപം, അസൂയ ഇവ കാരണത്താലാണ്.

നാം അസൂയയും ഉപേക്ഷിക്കേണ്ടിയിരിക്കുന്നു, ഇന്ന് നമ്മെ ബാധിക്കുന്ന മറ്റൊരു രോഗമാണത്. വാസ്തവത്തിൽ, മറ്റുള്ളവരുടെ അസന്തോഷമാണ് അസൂയക്കാരായ ആളുകളുടെ സന്തോഷം. ഒരിക്കൽ ഭഗവാൻ പറഞ്ഞു, ''ഏത് രോഗത്തിനും മരുന്നു

ണ്ട്, പക്ഷേ അസൂയയ്ക്ക് മരുന്നില്ല. അത് ക്യാൻസറിനേക്കാൾ മോശമാണ്.'' നമുക്ക് നമ്മുടെ യഥാർത്ഥ ആത്മാവിനെ അഥവാ ആനന്ദാവസ്ഥയെ അനുഭവിക്കാൻ കഴിയാത്തത്, നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്ന ഈ മൂന്ന് ദുർഗുണങ്ങൾ കാരണത്താലാണ്. അത്യാഗ്രഹം, കോപം, അസൂയ. ഇവ നമ്മെ മരുന്നുകൊണ്ട് നിയന്ത്രിക്കാനാവുന്ന ബ്ലഡ് പ്രഷർ, ഹൈപ്പർ ടെൻഷൻ, അഥവാ പ്രമേഹം ഇവയേക്കാളധികം ബാധിക്കുന്നു. അത്യാഗ്രഹം, കോപം, അസൂയ ഇവ നിയന്ത്രിക്കാനാവാത്തവയും ദിനംതോറും പെരുകിവരുന്നവയുമാണ്. അവ ഉപേക്ഷിക്കപ്പെടുകയാണെങ്കിൽ, ആത്മാവിന്റെ അടിസ്ഥാനഗുണങ്ങളായ പങ്കുവയ്ക്കൽ, കാരുണ്യം, പ്രേമം ഇവ അവയുടെ സ്ഥാനം കൈയടക്കും.




എന്താണ് ആത്മാവ്? ആത്മാവ്, ഉണ്മ, മന:സാക്ഷി, പ്രജ്ഞാവബോധം(Spirit, Being, Conscience and Consciousness) ഇവയെന്താണ്? എന്താണ് ദിവ്യത്വം, ആരാണ് ഈശ്വരൻ? ചോദ്യങ്ങൾ പലതുണ്ട്, പക്ഷേ ഉത്തരം ലളിതമാണ്. യഥാർത്ഥ ആത്മാവെന്നത് പങ്കുവയ്ക്കൽ, കാരുണ്യം, പ്രേമം ഇവയുടെ ഒരു ത്രികോണമാണ്. നമുക്ക് പങ്കുവയ്ക്കൽ, കാരുണ്യം, പ്രേമം ഇവയുള്ള നമ്മുടെ യഥാർത്ഥ സത്ത(true Self) നിറയെ കാണാനോ അനുഭവിക്കാനോ കഴിയാത്തതിനു കാരണം, ദുർഗുണങ്ങൾ അവയെ പൊതിയുന്നതാണ്. അത്യാഗ്രഹം, പങ്കുവയ്ക്കൽ(sharing) എന്ന മഹനീയ ഗുണത്തെ മറയ്ക്കുന്നു. കോപമെന്നത് കാരുണ്യത്തെ പൊതിയുന്ന പുതപ്പു പോലെയാണ്, പ്രേമം, അസൂയയാൽ മറയ്ക്കപ്പെട്ടിരിക്കുന്നു-ഭഗവാൻ പറയുന്നു. നാം ആത്മാവിനെക്കുറിച്ച് പൂർണമായും അവബോധമില്ലാത്തവരായിരിക്കെ, നാം യാചകരാകുന്നു. പക്ഷേ, നാം പൂർണ അവബോധത്തിലാവുമ്പോൾ, നാം ചക്രവർത്തിമാരാകുന്നു. ആത്മാവെന്നത് പങ്കുവയ്ക്കൽ, കാരുണ്യം, പ്രേമം ഇവയാകുന്നു. നമ്മുടെ ഉള്ളിലെ ദുർഗുണങ്ങൾ കാരണമാണ് നമുക്ക് ആത്മാവിനെക്കുറിച്ച് പൂർണമായും അവബോധമുള്ളവരാവാൻ കഴിയാത്തത്.

## ഭൂതകാലത്തെ അടിസ്ഥാനമാക്കിയുള്ള കർമങ്ങൾ
## ACTIONS BASED ON THE PAST

നമ്മുടെ സകല കർമങ്ങളും പോയ കാലത്തെ അടിസ്ഥാനമാക്കിയാണ്. നമുക്ക് ആത്മാവിനെ അറിയാൻ കഴിയാത്തതിന് ഇതാണ് കാരണം. നാം നമ്മുടെ ഭൂത കാലത്തെ നമുക്കൊപ്പം പേറുകയും നമ്മുടെ കഴിഞ്ഞകാല പ്രവൃത്തികളോട് ഇന്ന് പ്രതികരിക്കുകയും ചെയ്യുന്നു. എന്നാൽ, ആത്മാവ് നിത്യമാണ്, അത് സ്ഥലകാല ങ്ങളെ അതിക്രമിക്കുന്നു. അത് അനുഭവിക്കപ്പെടുന്നില്ല എന്തെന്നാൽ, നമ്മുടെ കർമ




ങ്ങളെല്ലാം ഭൂതകാലത്തെ അടിസ്ഥാനമാക്കിയാണ്-അവ നൈസർഗികമല്ല, അതിനാൽ, നാം ആത്മാവിനെക്കുറിച്ച് അജ്ഞരാണ്. ഭൂതകാലത്തെ നാം തുടച്ചുമാറ്റുമ്പോൾ നമുക്ക് അവബോധ(awareness)മുണ്ടാവുന്നു.

ഒരു ഭക്തന് സ്വാമിയാൽ ഒരു ഇൻർവ്യൂ അനുവദിക്കപ്പെട്ടാൽ, അടുത്ത പ്രാവശ്യം കേവലം ദർശനം കൊണ്ട് അയാൾ തൃപ്തനാവില്ല. മുൻ പ്രാവശ്യത്തേക്കാൾ കുറഞ്ഞതൊന്നും അയാളെ സന്തോഷിപ്പിക്കില്ല. വാസ്തവത്തിൽ, അടുത്ത തവണ ഒരു ഇൻർവ്യൂ കൊണ്ട് അയാൾ തൃപ്തനായേക്കില്ല, സ്വാമി തനിക്കായി ഒരു മാല സൃഷ്ടിച്ചുതരും എന്നാവും അയാളുടെ പ്രതീക്ഷ!

ഇപ്രകാരം, നമ്മുടെ പ്രതീക്ഷകളും പ്രതികരണങ്ങളും പോയ കാലത്തെ അടിസ്ഥാനമാക്കിയാണ്, അത് നാം മറക്കേണ്ടിയിരിക്കുന്നു. സ്വാമി കഴിഞ്ഞ കൊല്ലം ഒരു ഇൻർവ്യൂ അനുവദിച്ചാൽ, ആ കാര്യം അവിടെ അവസാനിക്കണം, അത് വീണ്ടും ആവർത്തിക്കണം എന്ന് പ്രതീക്ഷിച്ചുകൂടാ. ഭൂതകാലം മൃതമാണ്, ഗത( gone)മാണ്, അടക്കം ചെയ്യപ്പെട്ടതാണ്. അവിടെ വസിക്കുന്നവനും മൃതനാണ്, ഗതനാണ്, സംസ്കരിക്കപ്പെട്ടവനാണ്(dead, gone and buried). നമ്മുടെ കർമങ്ങൾ നൈസർഗികമാവണം. നാം ഇന്നിൽ ജീവിക്കുകയും, കഴിഞ്ഞുപോയത് ശ്രദ്ധിക്കാതിരിക്കുകയും ചെയ്താൽ, സ്വാമിയെ കാണുന്നതുപോലും ആനന്ദധാരയാവും. അതിനാൽ, നമുക്ക് ഇന്നിൽ ജീവിക്കാം!

ആദ്യകാലങ്ങളിൽ സ്വാമി എല്ലാവരോടും അടുത്ത് ഇടപഴകിയിരുന്നു എന്നും എല്ലായിടവും സന്ദർശിച്ചിരുന്നു എന്നും ചില ആളുകൾ പറയുന്നു. ഇപ്പോളത് സംഭവിക്കുന്നില്ല എന്നതിന്റെ പേരിൽ നമുക്ക് കുറ്റബോധം തോന്നിയിട്ടു കാര്യമുണ്ടോ? നമ്മളങ്ങനെ ചെയ്താൽ, നവ്യതയും നൈസർഗികതയും പൊയ്പോവുന്നു. കഴിഞ്ഞുപോയതിനെ അടിസ്ഥാനമാക്കിയുള്ള കർമങ്ങൾ (വ്യാജ) പ്രതീക്ഷകൾ കൊണ്ടുവരുന്നു, അത് നിരാശയിലാവും അവസാനിക്കുക. അതുകൊണ്ട്, നമുക്ക് യാഥാർത്ഥ്യബോധമുള്ളവരാവാം, ഈ നിമിഷത്തിൽ ജീവിക്കാം, അപ്പോൾ നമ്മുടെ കർമങ്ങൾ നൈസർഗികമാവും. അവബോധമില്ലായ്കയുടെ കാരണം, ഭൂതകാലത്തിൽ അടയിരിക്കാനുള്ള നമ്മുടെ പ്രവണതയാണ്.




അവബോധത്തിനായി, ഒരുവൻ ഉണ്മയോട് പ്രതികരിക്കണം, അഥവാ സ്വീകരണക്ഷമനാവണം. ഓരോ പ്രഭാഷണത്തിലും, ഭഗവാൻ നമ്മോട് പറയുന്നു: അന്ത്യനിമിഷത്തിൽ നമുക്കൊപ്പം ഒന്നുമുണ്ടാവില്ല. അന്ത്യം അടുക്കുമ്പോൾ, നമുക്ക് ഒന്നുംതന്നെ കൂടെ കൊണ്ടുപോവാനാവില്ല, കാരണം ഒന്നും നമ്മുടേതല്ല. ആത്മാവു മാത്രമേ ഉടനീളം നമുക്കൊപ്പമുണ്ടാവൂ, അത് നമുക്കൊപ്പം തുടരുകയും ചെയ്യും. ഈ യാഥാർത്ഥ്യത്തോടുള്ള പ്രതികരണമില്ലായ്മയാണ് അവബോധരാഹിത്യത്തിനു കാരണം.

ആത്മാവബോധമുണ്ടായാൽ നിങ്ങളൊരു ചക്രവർത്തിയാകുന്നു. ആ അവബോധമില്ലാതെ നിങ്ങളൊരു യാചകനും. ആത്മാവബോധമെന്നത് പങ്കുവയ്ക്കൽ, കാരുണ്യം, പ്രേമം എന്നീ ഗുണങ്ങൾ നേടുന്നതല്ലാതെ മറ്റൊന്നുമല്ല. ഇവ പൂർണമായും നമ്മുടെ അറിവിൽനിന്നും അനുഭവത്തിൽനിന്നും മറഞ്ഞിരിക്കുന്നത് എന്തെന്നാൽ, നെഗറ്റീവ് വശങ്ങളായ ദുരാഗ്രഹം, കോപം, അസൂയ ഇവ നമ്മെ പീഢിപ്പിക്കുന്നതുകൊണ്ടാണ്. വാസ്തവത്തിൽ, നാമോരോരുത്തരും സ്വയം ഒരു ചക്രവർത്തിയാകുന്നു എന്തെന്നാൽ, രണ്ടാമതൊന്നില്ലാത്ത ഏകം മാത്രമേയുള്ളൂ(only One-without-a second).

**ഏകമേവ അദ്വൈതം ബ്രഹ്മ.**

ഒന്നു മാത്രമേ നിലനിൽക്കുന്നുള്ളൂ.

രണ്ടാമതൊന്നില്ല.

അതിനാൽ,

നിങ്ങൾ ഈശ്വരനാകുന്നു,
നിങ്ങൾ ചക്രവർത്തിയാകുന്നു,
നിങ്ങൾ ലോകമാകുന്നു!

ഭഗവാൻ ബാബയുടെ അമൂല്യ പ്രബോധനങ്ങൾ നമ്മളുമായി പങ്കുവയ്ക്കുന്നത് പ്രഫസർ അനിൽകുമാർ അടുത്ത വേള തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (സായി-കോളജി പേജ് 61-68)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)